കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലുവ നഗരസഭ- ജനറൽ മാർക്കറ്റ് നവീകരണത്തിന് ഫെഡറൽ ബാങ്കിൽ നിന്നും 5,00,000,00/- (അഞ്ഞൂറ് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.665/14/തസ്വഭവ തിരുവനന്തപുരം, തീയതി :05.03.2014.

പരാമർശം - 1. സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.
2. ആലുവ നഗരസഭയുടെ 26.04.13 - ലെ **XIX** നമ്പർ തീരുമാനവും 11.10.2013 - ലെ **XV** - ാം നമ്പർ തീരുമാനവും.
3. ഫെഡറൽ ബാങ്ക് ചീഫ് മാനേജറുടെ 25.11.2013 - ലെ കത്ത്.
4. ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 10.12.2013 - ലെ ഇ1-9173/12 നമ്പർ കത്ത്.
5. നഗരകാര്യ ഡയറക്ടറുടെ 13.12.2013 - ലെ സി3 - 15048/13 നമ്പർ കത്ത്.

## ഉത്തരവ്

ആലുവ നഗരസഭയിൽ ജനറൽ മാർക്കറ്റ് നവീകരണത്തിന് 5,00,000,00/- (അഞ്ഞൂറ് ലക്ഷം) രൂപ ഫെഡറൽ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 5,00,000,00/- (അഞ്ഞൂറ് ലക്ഷം) രൂപ അനുവദിക്കുന്നതിനുള്ള സമ്മതപ്രകാരം പരാമർശം (3) പ്രകാരം ഫെഡറൽ ബാങ്ക് ചീഫ് മാനേജർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലുവ നഗരസഭയിൽ ജനറൽ മാർക്കറ്റ് നവീകരണത്തിന് ആലുവ വില്ലേജിൽ സർവ്വേ നമ്പർ 45/2 - ൽ ഉൾപ്പെട്ട 41.45 ആർ സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന ആലുവ നഗരസഭ വക മഹാത്മാഗാന്ധി ടൗൺ ഹാൾ കെട്ടിടം ജാമ്യമായി നൽകിക്കൊണ്ട് പരാമർശം (1) -ലെ വ്യവസ്ഥകൾക്ക് വിധേയമായി

ഫെഡറൽ ബാങ്കിൽ നിന്നും 10.55% പലിശ നിരക്കിൽ 5,00,000,00/- (അഞ്ഞൂറ് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ആലുവ നഗരസഭയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(സി. വത്സല)
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,ആലുവ മുനിസിപ്പാലിറ്റി.

ചീഫ് മാനേജർ, ഫെഡറൽ ബാങ്ക്

അകൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്, )കേരള,

തിരുവനന്തപുരം.

അകൗണ്ടന്റ് ജനറൽ (എൽബിഎ &എ), കേരള തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട്ഓഡിറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം.

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ